നിറുത്തുകയാണ്. ഞാൻ ജനിക്കുന്നതിന് മുമ്പ് തുടങ്ങിയ തെക്കുംഭാഗം സ്റ്റേ ബസ്സ് നിറുത്തിയിരിക്കുകയാണ്. ശ്രീ. കെ. ബി. ഗണേഷ് കുമാർ അനുവദിച്ച ഭൂതക്കുളം സ്റ്റേ ബസ്സ് നിറുത്തിയിരിക്കുകയാണ്. ഇതുമൂലം ജനങ്ങൾ വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്നു. വളരെ ഇന്റീരിയറായിട്ടുള്ള ധാരാളം സ്ഥലങ്ങളുള്ള ഒരു പ്രദേശമാണത്. ഗുരുതരമായ യാത്രാപ്രശ്നം പരിഹരിക്കുന്നതിന് അടിയന്തരമായി 10 ബസ്സുകൾ അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. എ.ടി.ഒ.യെ ഉടൻതന്നെ നിയമിക്കുകയും ചെയ്യണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) : സർ, ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ പറഞ്ഞത് ശരിയല്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഉള്ളതിനേക്കാൾ 4 ഷെഡ്യൂളുകൾ കൂടുതലാണ്. അദ്ദേഹംതന്നെ പറഞ്ഞു 4 ഷെഡ്യൂളുകൾ കൂടുതലാണെന്ന്. ബസ്സുകൾ ആവശ്യത്തിനുണ്ട്. പുതിയ ബസ്സുകൾ ഇറങ്ങുന്ന മുറയ്ക്ക് കൂടുതൽ ബസ്സുകൾ കൊടുക്കും. പുതിയ ബസ്സുകൾ ഇറങ്ങുവാൻ തുടങ്ങിയിട്ടുണ്ട്. കാശ് ഇല്ലായിരുന്നു. ഇപ്പോൾ കുറച്ച് പുതിയ ബസ്സുകൾ ആരംഭിച്ചിട്ടുണ്ട്. എ.ടി.ഒ., ഒന്നാം തീയതിവരെ അവിടെയുണ്ടായിരുന്നു. എ.ടി.ഒ.യായി അടുത്ത ആളെ പ്രൊമോട്ട് ചെയ്യണമെങ്കിൽ ഡി.പി.സി.കൂടണം. ഡി.പി.സി.കൂടി കഴിയുമ്പോൾ അവിടെ ആളെ നിയമിക്കും. സർക്കാരിൽ നിന്ന് കാശ് കിട്ടാത്തതുകൊണ്ട് അവർക്ക് ഈ സ്ഥാപനം നടത്താൻ ഒരു നിവർത്തിയുമില്ലാത്ത സ്ഥിതിയാണ്. അങ്ങേയ്ക്ക് അറിയാം. ഉള്ള കാശ് വച്ച് നടത്തിക്കൊണ്ടുപോവുകയാണ്. പണം ഇല്ലാത്തതുകൊണ്ട് തീരെ നഷ്ടമുള്ള സർവ്വീസുകൾ, സംസ്ഥാനത്ത് സ്വകാര്യബസ്സുകളുള്ള സ്ഥലങ്ങളിലൊക്കെ നിറുത്തിക്കൊണ്ടിരിക്കുകയാണ്. അത് നടത്താൻ നിവൃത്തിയില്ല. 10 രൂപയിൽ താഴെയുള്ള സർവ്വീസുകളാണ്. അത് സ്റ്റേറ്റിൽ മൊത്തത്തിലുള്ള പോളിസിയാണ്, ഗവൺമെന്റ് അംഗീകരിച്ചു കൊടുത്തിരിക്കുന്ന പോളിസിയാണ്. ചാത്തന്നൂരിന് മാത്രമല്ല, കൊട്ടാരക്കരയിലും ആറ് ബസ്സുകൾ നിർത്തി, അപ്പോൾപിന്നെ പ്രത്യേകിച്ച് പറയേണ്ട കാര്യമില്ല.

(3) പട്ടികജാതി-പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ

ശ്രീ. വി. കെ. ചന്ദ്രൻ : സർ, കേരളത്തിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിച്ചുവരുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നാളിതുവരെ നൽകിവന്നിരുന്ന ലംപ്സംഗ്രാന്റും, സ്റ്റൈപ്പന്റും നൽകുന്നില്ല. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ കുട്ടികൾക്ക് രണ്ട് വർഷമായി ലംപ്സംഗ്രാന്റും സ്റ്റൈപ്പന്റും കിട്ടുന്നില്ല. പട്ടികജാതി-പട്ടികവർഗ്ഗ കുട്ടികൾക്ക് മാത്രം പഠിക്കാൻ സംവിധാനമുള്ള ഹോസ്റ്റലുകളിൽ പഠിക്കുന്ന കുട്ടികൾക്ക് നൽകിവന്നിരുന്ന ആനുകൂല്യങ്ങളും നിഷേധിക്കപ്പെട്ടിരിക്കുകയാണ്. അതുകൊണ്ട് ഈ വിഭാഗത്തിൽപ്പെട്ട കുട്ടികൾ വലിയ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. ഇത് പരിഹരിക്കാൻ അടിയന്തരമായി നടപടി സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ) : സർ, സ്കൂളുകളും കോളേജുകളും തുറക്കുന്ന ജൂൺ, ജൂലായ് മാസങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും മറ്റ് അർഹ വിദ്യാർത്ഥികൾക്കും ഏറ്റവും കൂടുതൽ പണം കൊടുക്കേണ്ടതാണ്. ഈ സമയത്ത് അവരുടെ ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്, ഹോസ്റ്റൽ ചാർജ്, മെസ് ചാർജ്, ഇതൊക്കെ കൊടുക്കേണ്ടതാണ്. അല്പം ബുദ്ധിമുട്ടുണ്ടായിരുന്നു. അതിനായി ഈ മാസം പട്ടികജാതി വികസന വകുപ്പിന് 30 കോടി രൂപയും പട്ടികവർഗ്ഗ വികസന വകുപ്പിന് ഒമ്പതര കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ആ തുകയെ ട്രഷറി നിയന്ത്രണത്തിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് കഴിഞ്ഞ 15-ാം തീയതി ഉത്തരവ് ഇറക്കിയിട്ടുണ്ട്. ഈ മാസംകൊണ്ട് ഈ പ്രശ്നങ്ങളെല്ലാം പരിഹരിക്കും. മൂപ്പത്തിയൊമ്പതര കോടി രൂപയുടെ എല്ലാ ക്ലിയറൻസും ആയിട്ടുണ്ട്. പ്രശ്നം പരിഹരിക്കും.

(4) മൽസ്യത്തൊഴിലാളികളുടെ തൊഴിൽ സംരക്ഷണത്തിന് നടപടികൾ

ശ്രീ. റ്റി. എൻ. പ്രതാപൻ : സർ, സംസ്ഥാനത്തെ തീരദേശത്തെ പരമ്പരാഗത മൽസ്യത്തൊഴിലാളികളുടെ തൊഴിൽ സംരക്ഷണം സംബന്ധിച്ച് അതീവ ഗുരുതരമായ ഒരു പ്രശ്നമാണ് ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ഇന്ന് മൽസ്യത്തൊഴിലാളികൾക്ക്, പ്രത്യേകിച്ച് പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് ഭീഷണിയായിട്ടുള്ള അന്യസംസ്ഥാനങ്ങളിൽനിന്നുള്ള ബോട്ടുകൾ ഉൾപ്പെടെയുള്ള മൽസ്യ ബന്ധന യാനങ്ങൾ നമ്മുടെ സംസ്ഥാനത്തിന്റെ ഇതര തീരപ്രദേശത്ത് തമ്പടിച്ചിരിക്കുകയാണ്. അതുകൊണ്ട് നമ്മുടെ പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് മൽസ്യബന്ധനത്തിന് പോകാൻ കഴിയുന്നില്ല. അതുപോലെ അവർ പിടിക്കുന്ന മൽസ്യത്തിന് വില ലഭിക്കാത്ത രീതിയിലുള്ള അതീവഗുരുതരമായ ഒരു സംഘർഷം ഉണ്ടായിരുന്നു. ആ സംഘർഷം രൂക്ഷമാകാനാണ് സാധ്യത. അത് പരിഹരിക്കുന്നതിനുവേണ്ടി അന്യസംസ്ഥാനങ്ങളിൽനിന്ന് വരുന്ന ബോട്ടുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും സംസ്ഥാനത്തെ പരമ്പരാഗത മൽസ്യത്തൊഴിലാളികളുടെ തൊഴിൽ ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുകയും വേണം.

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) : സർ, അനിയന്ത്രിതമായ മൽസ്യബന്ധനംമൂലം കേരളത്തിലെ പരമ്പരാഗത മൽസ്യത്തൊഴിലാളി മേഖല ഒരു പ്രതിസന്ധിയിലാണ്. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ഒരു നിയന്ത്രണവുമില്ലാതെ മൽസ്യബന്ധന ബോട്ടുകളും മറ്റ് യാനങ്ങളും കേരളത്തിലെ മൽസ്യബന്ധന തുറമുഖങ്ങൾ കേന്ദ്രീകരിച്ച് മൽസ്യബന്ധനം നടത്തുന്നുണ്ട്. ഇത് കേരളത്തിലെ മൽസ്യസമ്പത്തിനെ വളരെ ദോഷകരമായി ബാധിച്ചിരിക്കുന്നു. എന്നാൽ അന്തർ സംസ്ഥാന ബന്ധത്തെ ദോഷകരമായി ബാധിക്കാത്തവിധം അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്ന യാനങ്ങളെ നിയന്ത്രിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് ഫലപ്രദമായ നടപടി എടുക്കുന്നതാണ്. ഇതിനുവേണ്ടി യാനങ്ങളുടെ സെൻസസും രജിസ്ട്രേഷനും നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly